നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം–2017

### സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ NRI ക്വാട്ടയിലേയ്ക്ക് അപേക്ഷിച്ചവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി

സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ 15% എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സീറ്റുകളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടാൻ യോഗ്യത തെളിയിക്കുന്നതിന് GO(Rt) No. 1366/2017/H&FWD തീയതി 15.05.2017 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ/രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **2017 ആഗസ്റ്റ് 5–നകം** സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതു പ്രകാരം നിശ്ചിത സമയത്തിനകം ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം എൻ.ആർ.ഐ അപേക്ഷകരുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

സമർപ്പിക്കപ്പെട്ട രേഖകളിൽ അപാകതകൾ ഉള്ളവരുടെ കാറ്റഗറി തടഞ്ഞു വയ്ക്കപ്പെട്ടിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM-2017 Candidate Portal'** ലൂടെ ലോഗിൻ ചെയ്ത് ഹോം പേജിൽ പ്രവേശിച്ച് **'NRI Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുമ്പോൾ സമർപ്പിച്ച രേഖകളിലെ അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകും. പ്രസ്തുത വെബ്പേജിൽ നിന്നും **'Resubmission Proforma for Admission to NRI Quota'** എന്ന പ്രൊഫോർമ ഡൗൺലോഡ് ചെയ്തെടുത്ത് അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ സഹിതം നേരിട്ടോ സ്പീഡ് പോസ്റ്റ്/രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തിരമോ **2017 ആഗസ്റ്റ് 16–ാം തീയതി വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, 5–ാം നില, ശാന്തിനഗർ, തിരുവനന്തപുരം–695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന രേഖകൾ പരിഗണിക്കുന്നതല്ല.

NRI വിഭാഗത്തിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താത്പര്യമുള്ള കോളേജുകളിലെ NRI ക്വാട്ടയിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ 2017 ആഗസ്റ്റ് 16 വൈകുന്നേരം 5 മണിയ്ക്കകം സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം
11.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**